# കാര്യപരിപാടി

**2013 ജനുവരി 18 പകൽ 3.00 -ന്**

| | | |
|---|---|---|
| ഈശ്വര പ്രാർത്ഥന | : | |
| സ്വാഗതം | : | **ശ്രീ. ആർ. വേണുഗോപാൽ**<br>(ബഹു. മുനിസിപ്പൽ ചെയർമാൻ) |
| അദ്ധ്യക്ഷൻ | : | **ശ്രീ. കെ. ബാബു**<br>(ബഹു. തുറമുഖ - ഫിഷറീസ് - എക്സൈസ് വകുപ്പ് മന്ത്രി) |
| റിപ്പോർട്ട് | : | **ശ്രീ. റ്റി. എസ്. സൈഫുദ്ദീൻ**<br>(നഗരസഭാ സെക്രട്ടറി) |
| ഉദ്ഘാടനം | : | **ശ്രീ. മഞ്ഞളാംകുഴി അലി**<br>(ബഹു. നഗരകാര്യ - ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി) |
| ഉപഹാര സമർപ്പണം | : | വ്യാപാര സമുച്ചയം സമയബന്ധിതമായി പൂർത്തീകരിച്ച കരാറുകാരനായ ശ്രീ. വി. കെ പ്രഭാകരന് ഉപഹാരം നൽകി ആദരിക്കുന്നു |
| ആശംസകൾ | : | **ശ്രീമതി. തിലോത്തമ സുരേഷ്**<br>(ബഹു. വൈസ് ചെയർപേഴ്സൺ) |
| | : | **ശ്രീ. സി.എൻ. സുന്ദരൻ**<br>(ബഹു. LDF പാർലമെന്ററി പാർട്ടി ലീഡർ) |
| | : | **ശ്രീ. ഇ.കെ. കൃഷ്ണൻകുട്ടി**<br>(ബഹു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ) |
| | : | **ശ്രീമതി. ശൈലജ രാജൻ**<br>(ബഹു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ) |
| | : | **ശ്രീ. ടി.കെ. സുരേഷ്**<br>(ബഹു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |
| | : | **ശ്രീമതി. രൂപ രാജു**<br>(ബഹു. വർക്ക്സ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) |
| | : | **ശ്രീ. കെ.ടി. സൈഗാൾ**<br>(ബഹു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |
| | : | **ശ്രീ. റ്റി. പി. പൗലോസ്**<br>(ബഹു. വാർഡ് കൗൺസിലർ) |
| കൃതജ്ഞത | : | **ശ്രീമതി. റ്റി. എ. അമ്പിളി**<br>(മുനിസിപ്പൽ എഞ്ചിനീയർ) |

Maya Printers, Eroor. Ph: 0484 - 2783691, 9249870833



## തൃപ്പൂണിത്തുറ നഗരസഭ

# ഷോപ്പിംഗ് കോംപ്ലക്സ്
## (പഴയ ബസ്സ് സ്റ്റാൻഡ്)

# ഉദ്ഘാടനം



ഉദ്ഘാടകൻ :

**ശ്രീ. മഞ്ഞളാംകുഴി അലി**

(ബഹു. നഗരകാര്യ - ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)



അദ്ധ്യക്ഷൻ:

**ശ്രീ. കെ ബാബു**

(ബഹു. തുറമുഖ ഫിഷറീസ് എക്സൈസ് വകുപ്പ് മന്ത്രി)

**2013 ജനുവരി 18 വെള്ളിയാഴ്ച പകൽ 3 മണിക്ക്**

**സ്ഥലം : പഴയ ബസ് സ്റ്റാന്റ്, തൃപ്പൂണിത്തുറ**



തൃപ്പൂണിത്തുറ നഗരസഭാ കാര്യാലയം,
തീയതി : 07/01/2013.

മാന്യമിത്രമേ,

കേരളത്തിന്റെ വ്യവസായ തലസ്ഥാനമായ കൊച്ചി മഹാനഗരത്തിന്റെ ഒരു ഉപനഗരം എന്ന നിലയിൽ അതിവേഗം വളർന്നു വരുന്ന പാർപ്പിട നഗരമാണ് തൃപ്പൂണിത്തുറ. കൊച്ചി രാജവംശത്തിന്റെ സാംസ്കാരിക തനിമയും ഗാംഭീര്യവും നിലനിർത്തി അനുദിനം പുരോഗതിയിലേക്ക് വളരുന്ന നഗരമെന്ന ഖ്യാതിയും തൃപ്പൂണിത്തുറയ്ക്ക് സ്വന്തം.

2010 ൽ നഗരസഭ കൗൺസിൽ അധികാരമേറ്റശേഷം വമ്പിച്ച വികസന കുതിപ്പിന് നാന്ദികുറിച്ചിരിക്കയാണ്. പാമ്പാടിത്താഴം പുനരധിവാസ പദ്ധതി, സാന്ത്വനം പദ്ധതി, പൊയ്ന്തറ നിവാസികൾക്ക് പട്ടയം, ആധുനികരീതിയിലുള്ള വാതക ശ്മശാനം, വനിത ഹോസ്റ്റൽ നിർമ്മാണം, പനയ്ക്കൽ വലിയതറ കമ്മ്യൂണിറ്റി ഹാൾ, കടക്കോടം പാലം, രാമവർമ്മ പാലസ് ഹോസ്പിറ്റൽ കെട്ടിടം, പഴയ ബസ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ ഇക്കാലത്ത് പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ബോയ്സ് ഹൈസ്കൂൾ കോംപ്ലക്സ്, മേക്കര പാർക്ക്, മകളിയം ഷോപ്പിംഗ് കോംപ്ലക്സ്, കണ്ണൻകുളങ്ങര ടൗൺഹാളും ഷോപ്പിംഗ് കോംപ്ലസും, ലായം ഗ്രൗണ്ടിൽ കൂത്തമ്പലം മാതൃകയിലുള്ള ഓഡിറ്റോറിയം, മാമല ചിത്രപ്പുഴ ബണ്ട് റോഡ്, മാത്തൂർ റയിൽവേ മേൽപ്പാലം, തണ്ണീർച്ചാൽ ടൂറിസം എന്നീ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുള്ളതുമാണ്. ടി വികസന നേട്ടങ്ങൾ നഗരസഭ കൗസിലിന്റെയും ജീവനക്കാരുടെയും കൂട്ടായ്മയുടെയും ജനപിന്തുണയുടെയും സാഫല്യമാണെന്നതും അഭിമാനമേകുന്നു.

കേരളത്തിലെ പല നഗരസഭകളും ദൈനംദിന ചിലവുകൾ കണ്ടെത്തുന്നതിനു പോലും ബുദ്ധിമുട്ടു നേരിടുകയാണ്. ഈ പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി വരുമാനം വർദ്ധിപ്പിക്കുന്നതിന് നഗരസഭയുടെ ഏഴാമത്തെ വ്യാപാര സമുച്ചയം പഴയ മുനിസിപ്പൽ ബസ്സ് സ്റ്റാൻഡിൽ 3 നിലകളിലായി 7800 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം പൂർത്തീകരിച്ച് 2013 ജനുവരി 18 വെള്ളിയാഴ്ച പകൽ 3 മണിക്ക് പൊതുജനങ്ങൾക്കായി സമർപ്പിക്കുകയാണ്.

ബഹു. തുറമുഖ-ഫിഷറീസ്-എക്സൈസ് വകുപ്പ് മന്ത്രി **ശ്രീ .കെ. ബാബു** അവർകളുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ബഹു. നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി **ശ്രീ. മഞ്ഞളാംകുഴി അലി** അവർകൾ ഉൽഘാടനം നിർവ്വഹിക്കുന്നതാണ്. തദവസരത്തിൽ താങ്കളുടെ മഹനീയ സാന്നിധ്യം സാദരം ക്ഷണിക്കുന്നു.

ഏവർക്കും സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ പുതുവത്സരാശംസകൾ നേർന്നുകൊണ്ട്

സ്നേഹപൂർവ്വം,

| | |
|---|---|
| (ഒപ്പ്) | (ഒപ്പ്) |
| റ്റി. എസ് സെയ്ഫുദ്ദീൻ<br>മുനിസിപ്പൽ സെക്രട്ടറി | ആർ. വേണുഗോപാൽ<br>ചെയർമാൻ |